## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 08.02.2025 മുതൽ 12.02.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 06/2025 (11) വെള്ളിയാഴ്ച | തീയ്യതി 07/02/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 08.02.2025 | 09.02.2025 | 10.02.2025 | 11.02.2025 | 12.02.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 58 | 58 | 58 | 58 | 58 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 250 | 250 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 2 | 2 | 3 | 2 | 3 |

കാലാവസ്ഥാ അറിയിപ്പ്:- പൊതുവെ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:-** കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്മൂണ്ടകൻ (പാൽപരുവം) | ചാഴി | മത്തി ശർക്കര മിശ്രിതം (20 മി. ലി. ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക അല്ലെങ്കിൽ അസാഡിറാക്ടിൻ (3000 ppm) 10 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കാം. |
| പച്ചക്കറികൾ | നീരൂറ്റിക്കുടിക്കുന്നകീടങ്ങൾ | മിത്ര കുമിളായ ലേക്കാനിസീലിയം ലെക്കാനി കീടാക്രമണത്തിൻറ്റെ തുടക്കത്തിൽ തന്നെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. വേപ്പധിഷ്ഠിത കീടനാശിനികൾ തളിക്കുകയോ അല്ലെങ്കിൽ രാസ കീടനാശിനികളായ ഡൈമെത്തോയേറ്റ് 30 EC (1.5 മി.ലി. ഒരുലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ തയാമേതോക്സാം 20 WG (2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത്കൂടി വീഴുന്നവിധം തളിക്കുക. മീലിമൂട്ടകൾ, വെള്ളീച്ചകൾ എന്നിവക്കെതിരെ കീടനാശിനികൾ ഉപയോഗിക്കുന്നതിനു മുൻപ്സോപ്പുവെള്ളം തളിക്കുന്നത്കീടങ്ങൾ പുറപ്പെടുവിക്കുന്ന മെഴുകുപോലുള്ള ആവരണങ്ങൾ അലിയിക്കുന്നതിനു സഹായിക്കുന്നു. |
| ഇഞ്ചി | പരിപാലനം | ഫെബ്രുവരി-മാർച്ച്മാസമാകുമ്പോൾ ഷിസ്ഥലം കിളച്ച് – ഉഴുതു വൃത്തിയാക്കി കുമ്മായംഇടുക. ആവശ്യാനുസരണം നീളത്തിൽ ഒരു മീറ്റർ വീതിയിൽ 25 സെ.മീ. ഉയരത്തിൽ ബെഡുകൾ എടുക്കുക. ബെഡുകൾ തമ്മിൽ 40 സെ.മീ. അകലം കൊടുക്കുക. വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചാലുകളും എടുക്കുക. ജലസേചിതവിളയ്ക്ക് ഏറ്റവും നല്ല നടീൽ സമയം ഫെബ്രുവരി പകുതിയോടെയാണ്.മഴയെ ആശ്രയിച്ചുള്ള കൃഷിയാണെങ്കിൽ ഏപ്രിൽ ആദ്യ രണ്ടു ആഴ്ചകളാണ്നടീലിനു ഉത്തമം. |

മൃഗസംരക്ഷണം:- തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കൊതുക് മുട്ടയിട്ടു പെരുകുന്നത് തടയുന്നതിന് വേണ്ട മുൻകരുതലുകൾ എടുക്കുക. (CAADECCS KVASU, Mannuthy)